# പതിമൂന്നാം കേരളനിയമസഭ
# പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.5656 02/07/2014-ൽ മറുപടിക്ക്

## കോഴിക്കോട് ജില്ലാ ഹോമിയോ ആശുപത്രിയിലെ ജീവനക്കാർ

ചോദ്യം

ശ്രീ. എ. പ്രദീപ് കുമാർ

മറുപടി

ശ്രീ. വി. എസ്. ശിവകുമാർ
(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി)

---

| | | | |
|---|---|---|---|
| (എ) | കോഴിക്കോട് ജില്ലാ ഹോമിയോ ആശുപത്രിയിൽ ആരംഭിച്ച ആയുഷ്മാൻ ഭവഃ ക്ലിനിക്കിൽ എന്തെല്ലാം ചികിത്സകളാണ് നടന്നു വരുന്നതെന്ന് വിശദമാക്കമോ ; | (എ) | ജീവിതശൈലീ രോഗങ്ങൾ പ്രതിരോധിക്കുന്നതിനും ചികിൽസിക്കുന്നതിനുമായി ഹോമിയോപ്പതി വകുപ്പിൽ 2012-2013-ൽ തിരുവനന്തപുരം, കോഴിക്കോട് ജില്ലകളിൽ ആരംഭിച്ച പദ്ധതിയാണ് - "ആയുഷ് ഹോളിസ്റ്റിക് സെന്റർ ഫോർ പ്രിവൻഷൻ & മാനേജ്മെന്റ് ഓഫ് ലൈഫ് സ്റ്റൈൽ ഡിസീസസ്". ഈ പദ്ധതി പ്രകാരം കോഴിക്കോട് ജില്ലാ ഹോമിയോ ആശുപത്രിയിൽ ആരംഭിച്ച "ആയുഷ്മാൻ ഭവഃ" ക്ലിനിക്കിൽ പ്രമേഹം, രക്തസമ്മർദ്ദം, കൊളസ്ട്രോൾ, ഹൃദ്രോഗം, ക്യാൻസർ തുടങ്ങിയ ജീവിത ശൈലി രോഗങ്ങൾ തടയുന്നതിനും പരിചരിക്കുന്നതിനുമായി ഹോമിയോപ്പതി - ആയുർവേദം - പ്രകൃതി ജീവന - യോഗ ചികിൽസാ പദ്ധതികളുടെ ഗുണവശങ്ങളെ സമന്വയിപ്പിച്ചു കൊണ്ടുള്ള സമഗ്ര ചികിൽസയാണ് നൽകി വരുന്നത്. |
| (ബി) | ഇവിടെ ഈ ചികിത്സാ പദ്ധതി ആരംഭിക്കുമ്പോൾ എത്ര ഡോക്ടർമാരും അനുബന്ധ ജീവനക്കാരും ഉണ്ടായിരുന്നു എന്ന് വ്യക്തമാക്കുമോ ; | (ബി) | 2012-2013 ൽ ഈ പദ്ധതി ആരംഭിക്കുമ്പോൾ ഒരു ആയുഷ് ഹോളിസ്റ്റിക് സെന്ററിൽ മൂന്ന് ഡോക്ടർമാരും (ഹോമിയോ മെഡിക്കൽ ആഫീസർ-1, ആയുർവേദ മെഡിക്കൽ ആഫീസർ-1, & പ്രകൃതി ചികിൽസാ മെഡിക്കൽ ആഫീസർ-1), ഒരു യോഗ പരിശീലകനും, ഒരു ഫാർമസിസ്റ്റും, ഒരു അറ്റൻഡറും, ഒരു പി.ടി.എസും മാസ വേതനാടിസ്ഥാനത്തിൽ താൽക്കാലികമായി നിയമിക്കപ്പെട്ടിരുന്നു. |

| | | | |
|---|---|---|---|
| (സി) | ഇപ്പോൾ ഡോക്ടർമാരുടെയും ജീവനക്കാരുടെയും എണ്ണം കുറച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ കാരണം വിശദമാക്കുമോ ; | (സി) | ആയുഷ് ഹോളിസ്റ്റിക് സെന്ററുകളിൽ ഇപ്പോൾ പി.ടി.എസ് തസ്തിക ഒഴികെ ഡോക്ടർമാരുടെയും ജീവനക്കാരുടെയും എണ്ണം കുറച്ചിട്ടില്ല. 2012-2013 ൽ ആരംഭിച്ച പ്രസ്തുത പദ്ധതി പ്രകാരം ഓരോ വർഷവും ആയുഷ് സെന്ററുകളിലെ താൽക്കാലിക ജീവനക്കാരുടെ വേതനം പ്ലാൻ ഫണ്ടിൽ നിന്നും ആണ് ചെലവഴിച്ച വന്നിരുന്നത്. എന്നാൽ 2014-15 മുതൽ വകുപ്പിലെ തന്നെ ജീവനക്കാർക്ക് മതിയായ പരിശീലനം നൽകി ആയുഷ് ഹോളിസ്റ്റിക് സെന്ററുകളുടെ പ്രവർത്തനം നടത്തുവാൻ തീരുമാനിച്ചിട്ടുണ്ട്. ആയതനുസരിച്ച് മാസ വേതനാടിസ്ഥാനത്തിൽ താൽക്കാലികമായി നിയോഗിച്ചിരുന്ന ഹോമിയോ മെഡിക്കൽ ആഫീസറെ മാറ്റി പകരം ഈ വർഷം മുതൽ അടുത്തുള്ള സർക്കാർ ഹോമിയോ ഡിസ്പെൻസറികളിൽ നിന്നും സ്ഥിരം മെഡിക്കലാഫീസറെ ആഴ്ചയിൽ ഓരോ ദിവസം വീതം ആയുഷ് സെന്ററുകളിലേയ്ക്ക് നിയോഗിച്ച് പ്രവർത്തനം തുടരുന്നു. ആയുർവേദ, നാച്ചുറോപ്പതി മെഡിക്കൽ ആഫീസർമാരും യോഗ പരിശീലകനും മറ്റും ഹോമിയോപ്പതി വകുപ്പിൽ ഇല്ലാത്തതിനാൽ അവരെ ദിവസ വേതനാടി സ്ഥാനത്തിൽ കൺസൾട്ടേഷൻ വ്യവസ്ഥയിൽ നിയോഗിക്കുവാനും അനുമതി നൽകിയിട്ടുണ്ട്. ഫലത്തിൽ പദ്ധതി തുടങ്ങിയപ്പോൾ മുതലുള്ള എല്ലാ ജീവനക്കാരുടെയും (പി.ടി.എസ് ഒഴികെ) സേവനം ആയുഷ് ഹോളിസ്റ്റിക് സെന്ററിൽ ലഭ്യമാണ്. |

സെക്ഷൻ ഓഫീസർ